പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 88

08/01/2014-ൽ
മറുപടിയ്ക്കു്

## ശബരിമല തീർത്ഥാടനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. സാജു പോൾ<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| എ) പെരിയാർ കടുവാ സങ്കേതത്തിൽ ഗതാഗത നിയന്ത്രണമേർപ്പെടുത്തണമെന്ന ദേശീയ വന്യജീവി ബോർഡിൻെറ നിർദ്ദേശം ശബരിമല തീർത്ഥാടനത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;<br><br>ബി) പെരിയാർ കടുവാ സങ്കേതത്തിൻെറ ഭാഗമായ പമ്പയിൽ ഗതാഗത നിയന്ത്രണം ഒഴിവാക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;<br><br>സി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൻെറ നിലപാടെന്തെന്ന് അറിയിക്കാമോ? | എ),<br>ബി),<br>&<br>സി) | പെരിയാർ കടുവാ സങ്കേതത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തണമെന്ന ദേശീയ വന്യജീവി ബോർഡിൻെറ നിർദ്ദേശം ശബരിമല തീർത്ഥാടനത്തെ ബാധിക്കില്ല. വിനോദ സഞ്ചാരികളുടെ അനിയന്ത്രിതമായ സഞ്ചാരം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ നിയന്ത്രിക്കുന്നതിനാവശ്യമായ മുൻകരുതലുകൾ സ്വീകരിക്കണമെന്നാണ് ദേശീയ വന്യജീവി ബോർഡ് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ ശബരിമല തീർത്ഥാടനത്തെ ബാധിക്കുന്ന തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ദേശീയ വന്യജീവി ബോർഡ് നിർദ്ദേശം നൽകിയിട്ടില്ല. ശബരിമലയും ശബരിമലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി ബഹു. സുപ്രീം കോടതിയുടെ അംഗീകാരത്തോടെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളതും ആയതിൻെറ അടിസ്ഥാനത്തിൽ വനം-വന്യജീവി വകുപ്പിൻെറ അംഗീകാരത്തോടെയാണ് ശബരിമലയിൽ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഈ സാഹചര്യത്തിൽ ശബരിമല തീർത്ഥാടനത്തിന് ഒരു നിയന്ത്രണവും വരുന്നതല്ല. |

സെക്ഷൻ ഓഫീസർ